# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2054** **08.03.2018- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് 2018-19 ലെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2018-19 ലെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.മൂലധനസഹായപദ്ധതികൾ<br>2.പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ<br>3.പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ<br>4.ഉൽപാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ<br>ഇവയ്ക്കെല്ലാം കൂടി 3972 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി പുതിയ പദ്ധതികളോ പാക്കേജുകളോ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കായി കൈത്തറി മേഖലയ്ക്ക് 150 കോടി രൂപ അനുവദിച്ചിട്ടുള്ള പ്രഖ്യാപനം കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായകമാകും. |
| (സി) സംഘങ്ങൾക്ക് ഉത്പാദനോപാധികൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (സി) കൈത്തറി സംഘങ്ങൾക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രത്യേക പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച തറികൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് തറി ഒന്നിന് 10,000/- രൂപ വരെ പരിധി നിശ്ചയിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ഇതിലേക്കായി 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**